ആസൂത്രണ ബോർഡ് അംഗങ്ങൾ ജനകീയാസൂത്രണത്തിന്റെ ഭാഗമായി കൈപ്പറ്റിയ തുക

106 [5251] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആസൂത്രണ ബോർഡിലെ അംഗങ്ങൾ ആരൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ആസൂത്രണ ബോർഡ് അംഗങ്ങൾ 1996-2001 കാലഘട്ടത്തിൽ ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി എത്ര തുക ഏതൊക്കെ ഇനത്തിൽ കൈപ്പറ്റി എന്ന് വ്യക്തമാക്കാമോ;

(സി) ജനകീയാസൂത്രണത്തിന്റെ പേരിൽ എത്ര പുസ്തകം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അച്ചടിച്ച് പുറത്തിറക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) ആരൊക്കെയാണ് പ്രസ്തുത പുസ്തകങ്ങൾ എഴുതിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ ബുക്കും എഴുതി തയ്യാറാക്കിയ വകയിൽ എത്ര തുക പ്രതിഫലം പറ്റിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പതിനൊന്ന് അംഗങ്ങളുണ്ടായിരുന്നു:

1. ശ്രീ. ഇ. കെ. നായനാർ, മുഖ്യമന്ത്രി (ചെയർമാൻ)
2. പ്രൊ. ഐ. എസ്. ഗുലാത്തി (വൈസ് ചെയർമാൻ)
3. ശ്രീ. ടി. ശിവദാസമേനോൻ, ധനകാര്യ വകുപ്പുമന്ത്രി (മെമ്പർ)
4. ശ്രീമതി സുശീലാ ഗോപാലൻ, വ്യവസായ സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി (മെമ്പർ)
5. ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ, ഭക്ഷ്യ വകുപ്പുമന്ത്രി (മെമ്പർ)
6. ശ്രീ. പി. ജെ. ജോസഫ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി (മെമ്പർ)
7. ഡോ. ടി. എം. തോമസ് ഐസക്ക് (മെമ്പർ)
8. ശ്രീ. ഇ. എം. ശ്രീധരൻ നമ്പൂതിരിപ്പാട് (മെമ്പർ)
9. ഡോ. കെ. എൻ. ശ്യാമസുന്ദരൻ നായർ (മെമ്പർ)
10. ഡോ. ബി. ഇക്ബാൽ (മെമ്പർ)
11. ശ്രീ. എം. കെ. സാംബമൂർത്തി (മെമ്പർ)

കൂടാതെ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പു സെക്രട്ടറി എന്നിവർ പ്രത്യേകം ക്ഷണിതാക്കളായിരുന്നു.

(ബി) ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ ഭാഗമായി ആസൂത്രണ ബോർഡ് അംഗങ്ങൾ തുക കൈപ്പറ്റിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 30 പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) വ്യക്തികളല്ല, അതത് വികസന മേഖലയിലെ വിദഗ്ദരുടെ ഗ്രൂപ്പുകളാണ് പുസ്തകം തയ്യാറാക്കിയത്.

(ഇ) പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് മാത്രമായി പ്രതിഫലം നൽകിയിട്ടില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ നിയമനം

107 [5252] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ പുനർ വിന്യാസം പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഓരോ ജില്ലയിലും ഇതിന്റെ ഭാഗമായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം പ്രത്യേകം വിശദമാക്കാമോ;

(സി) ഓരോ ജില്ലയിലും ഇതിന്റെ ഭാഗമായി നിയമിച്ചിട്ടുള്ളവരുടെ എണ്ണവും അതിൽ എത്ര പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഡി) ഭൂരിഭാഗം തസ്തികകളും ഒഴിഞ്ഞുകിടക്കുന്നതുമൂലം ത്രിതല പഞ്ചായത്തുകളുടെ പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) പുതിയ തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല.

(സി) ഇപ്പോഴുംനിയമനം നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) പ്രവൃത്തികൾ തടസ്സപ്പെടാതിരിക്കുവാൻ ആ സ്ഥാനങ്ങളിൽ ചുമതലയേറ്റ ഉദ്യോഗസ്ഥർക്ക് ഉദ്യോഗസ്ഥൻമാരില്ലാത്ത സ്ഥലങ്ങളുടെ അധിക ചുമതല നൽകിക്കൊണ്ട് ചീഫ് എൻജിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട്

108 [5253] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ ഫണ്ട് എത്ര പഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫണ്ട് മുഖേന ശേഖരിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

LIBRARY ARCHIVES Kerala Legislative Assembly